- സംസ്ഥാനങ്ങൾക്കുള്ള വിഭവ വിഭജനത്തിനായി നിശ്ചയിക്കുന്ന കേന്ദ്രത്തിന്റെ വിഭജന വിധേയമായ വരുമാനത്തിന്റെ ശതമാനത്തെ കൂടാതെ ഇതിന്റെ 10% അധികഭോഗമായി സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലൂടെ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകുവനായി മാറ്റി വയ്ക്കേണ്ടതാണ്.

- ദുരിത ലഘൂകരണത്തിനും ദുരിതാശ്വാസ തയ്യാറെടുപ്പിനും സംസ്ഥാനങ്ങൾക്ക് സഹായം നൽകുന്നതിലേക്കായി നാഷണൽ ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ട് രൂപീകരിക്കേണ്ടതാണ്.

- യാഥാർത്ഥ്യാധിഷ്ഠിതവും ചിട്ടപ്പടിയുമായുള്ള സാമ്പത്തിക പ്രവചനങ്ങളും അനുമാനങ്ങളും നടത്തുന്നതിലേക്ക് വിശ്വസനീയമായ വിവര ശേഖരങ്ങളുടെ ആവശ്യകത മനസ്സിലാക്കുന്നതിനാൽ അടുത്ത ധനകാര്യ കമ്മീഷൻ ബന്ധപ്പെട്ട അടിസ്ഥാന മാനദണ്ഡങ്ങളും വിവരശേഖരവും ലഭ്യമാക്കുന്നതിലേക്കായി ഒരു സ്വതന്ത്ര അധികാര കേന്ദ്രത്തെ ചുമതലപ്പെടുത്തുവാൻ ഈ ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യണമെന്നും ഇതിനാവശ്യമായ തുകയും സ്ഥാപന സംവിധാനങ്ങളും നിർദ്ദേശിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) വയ്ക്കുന്നു.†

(ഡി) ഉണ്ട്.

(ഇ) പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ കേരളത്തിന്റെ ആവശ്യത്തോട് കമ്മീഷന്റെ നിലപാട് എന്താണെന്ന് അറിയാൻ സാധിക്കുകയുള്ളു. പതിനൊന്നാം ധനകാര്യ കമ്മീഷന്റെ അവാർഡ് കേരളത്തിന് ഗുണകരമാണെന്ന് പറയാൻ കഴിയില്ല.

സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക്

2 [285] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മുതൽ 2003 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് എത്രയാണ്;

(ബി) ഓരോ വർഷത്തെയും കണക്കുകൾ ലഭ്യമാക്കുമോ;

(സി) 2001-02, 2002-03, 2003-04 വർഷങ്ങളിലെ സാമ്പത്തിക വളർച്ചാ നിരക്ക് എത്രയാണെന്ന് വിശദമാക്കുമോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം സാമ്പത്തിക വളർച്ചാനിരക്കിൽ വ്യതിയാനം വന്നിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശരാശരി വളർച്ചാ നിരക്ക് 4.66 ശതമാനം.

(ബി) ഓരോ വർഷത്തെയും വളർച്ചാ നിരക്ക് ശതമാനം താഴെ പറയും പ്രകാരമാണ്.

1996-97—4.00

1997-98—2.16

1998-99—7.02

1999-00—6.76

2000-01—2.60

2001-02—4.00 (താല്കാലികം)

2002-03—6.10 (ദ്രുത കണക്കെടുപ്പ്)

(സി) 2001-02—4.00 (താല്കാലികം)

2002-03—6.10 (ദ്രുത കണക്കെടുപ്പ്)

2003-04—7.21 (പ്രതീക്ഷിക്കുന്നത്)

(ഡി) ഉണ്ട്. 2000-01-ൽ 2.60 ശതമാനമായിരുന്ന വളർച്ചാ നിരക്ക് 2001-02-ൽ 4 ശതമാനമായും (താല്കാലികം) 2002-03-ൽ 6.10 ശതമാനമായും (ദ്രുതകണക്കെടുപ്പ്) ഉയർന്നു. 2003-04-ൽ 7.21 ശതമാനമായി വീണ്ടും ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്. വാർഷിക പദ്ധതികളിൽ പൊതു മുതൽമുടക്ക് പരമാവധി വർദ്ധിപ്പിക്കുകയും ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും ആക്കം കൂട്ടുക എന്ന ലക്ഷ്യത്തോടെ കൃഷി, വ്യവസായം, അടിസ്ഥാന സൗകര്യങ്ങൾ, സേവനം എന്നീ മേഖലകൾക്ക് മതിയായതും ശാസ്ത്രീയവുമായ ഊന്നൽ നല്കി വാർഷിക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതും കൊണ്ടാണ് സാമ്പത്തിക വളർച്ചാ നിരക്കിൽ വർദ്ധനവ് ഉണ്ടാകുന്നത്.

സാമൂഹിക സുരക്ഷാ ഫണ്ട്

3 [286] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുള്ള സാമൂഹിക സുരക്ഷാ ഫണ്ടിന്റെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly